പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :T-4718

05-02-2014 ൽ മറു പടിയ്ക്ക്

## ടി.വി. ചാനലുകളിൻമേലുള്ള നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ..സി. മോയിൻകുട്ടി<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി.കെ. ബഷീർ | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) ടി.വി. ചാനലുകളുടെ അതി പ്രസരവും സ്വകാര്യ ജീവിതങ്ങളിലേക്കുള്ള കടന്നുകയറ്റവും ഗുരുതര സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസത്തിന്റെ പേരിൽ ആൾമാറാട്ടം നടത്തുന്നതു മാധ്യമ സ്വാതന്ത്ര്യമാണെന്ന നിലപാടിനെക്കുറിച്ച് നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമോ; | ഇക്കാര്യം നിയമ മാധ്യമ വിദഗ്ധരുമായി ആലോചിച്ച് ഒരു നിഗമനത്തിൽ എത്തുന്നതാണ്. |
| സി) കുട്ടികളെയും യുവജനങ്ങളെയും അക്രമത്തിലേയ്ക്ക് നിയമനിഷേധ നടപടികളിലേയ്ക്കും തള്ളിവിടാൻ പ്രേരിപ്പിക്കുന്ന പരിപാടികൾ മാധ്യമസ്വാതന്ത്ര്യമെന്ന പേരിൽ അവതരിപ്പിക്കുന്ന ടി.വി. ചാനലുകളെ നിയന്ത്രിക്കാൻ എന്തെങ്കിലും പ്രായോഗിക നടപടികൾ മാധ്യമപ്രവർത്തകരുടെ സഹകരണത്തോടുകൂടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | കേബിൾ ടി.വി. നെറ്റ് വർക്ക് (റഗുലേഷൻ) ആക്ട് 1995 ലെ വ്യവസ്ഥകൾ പ്രകാരം അഡ്വർടൈസ്മെന്റ് കോഡ്, പ്രോഗ്രാം കോഡ് എന്നിവക്ക് വിരുദ്ധമായ പരിപാടികൾ സംപ്രേഷണം ചെയ്താൽ ആയത് പിടിച്ചെടുക്കുന്നതിനും മറ്റുമുള്ള അധികാരം ഓതറൈസ്ഡ് ഓഫീസറായ ജില്ലാ മജിസ്ട്രേറ്റിൽ നിക്ഷിപ്തമാണ്.<br>എന്നാൽ കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയമാണ് കേബിൾ ടി.വി യിലെ തെറ്റായ പ്രവണതൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത്. 23-5-13 ലെ സ.ഉ. നം 233/13/ഐ&പി. ആർ പ്രകാരം സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.. ഈ കമ്മിറ്റിയിൽ ഐ&പി. ആർ സെക്രട്ടറി ചെയർമാനും സ്റ്റേറ്റ് പോലീസ് ചീഫ് പ്രതിനിധി, സോഷ്യൽ വെൽഫയർ സെക്രട്ടറി, ദൂരദർശൻ കേന്ദ്രം ഡയറക്ടർ, എന്നിവർ അംഗങ്ങളും , പബ്ലിക് റിലേഷൻസ് ഡയറക്ടർ അംഗ സെക്രട്ടറിയുമാണ്. ഇവർക്ക് പുറമെ നോമിനേറ്റഡ് അംഗങ്ങളായി ശ്രീമതി. സുഗതകുമാരി , ഡോ. അച്ചുതശങ്കർ എസ്. നായർ, ഡോ.കൃഷ്ണപ്രസാദ് ശ്രീധർ, ഡോ. ലക്ഷ്മി വി. നായർ , ശ്രീ. കെ.സി. രാജഗോപാൽ എന്നിവരും ഉൾപ്പെട്ടിട്ടുണ്ട്.. സംസ്ഥാന സമിതിക്ക് വരുന്ന പരാതികൾ ക്രോഡീകരിച്ച് കേന്ദ്രസമിതിയ്ക്ക് ആവശ്യമായ നടപടികൾക്ക് അയയ്ക്കുക എന്നതാണ് ചട്ടം. കൂടാതെ സംസ്ഥാന സമിതി ജില്ലാസമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ